(ഡി) ഈ കൊലപാതകത്തിന്റെ അന്വേഷണം ഉന്നത തലത്തിലുള്ള ക്രൈം ബ്രാഞ്ച് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് നടത്തിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം വല്ലതും കിട്ടിയിട്ടുണ്ടോ;

(ഇ) കേസ് അന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുക്കുകയുണ്ടായോ;

(എഫ്) എങ്കിൽ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലായിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 8-4-1986-ൽ

(ബി) ഉണ്ട്.

(സി) ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302, 449 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്. ടി കേസിലെ പ്രതി ഒളിവിൽ കഴിയുന്ന ഉണ്ണികൃഷ്ണൻ നായരാണെന്ന് സംശയിക്കുന്നു.

(ഡി) ഉണ്ട്.

(ഇ, എഫ്) അന്വേഷണം ഏറ്റെടുക്കുവാൻ ക്രൈം ബ്രാഞ്ചിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതിയെന്നു സംശയിക്കുന്ന ഉണ്ണികൃഷ്ണൻ നായരെ അറസ്റ്റു ചെയ്യാൻ ഊർജ്ജിതശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ജോസ് സെബാസ്റ്റ്യൻ കൊലക്കേസിനെക്കുറിച്ചുള്ള അന്വേഷണം

42 [49] ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വ്യവസായത്തൊഴിലാളിയായിരുന്ന ജോസ് സെബാസ്റ്റ്യൻ കോന്നി പോലീസ് ലോക്കപ്പിൽവെച്ച് കൊല ചെയ്യപ്പെട്ടത് എന്നാണ്;

(ബി) കേസിലെ പ്രതികളായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ എന്തു നടപടി എടുത്തു? അവരിൽ ആരൊക്കെ സർവ്വീസിൽ തിരിച്ചെടുക്കപ്പെട്ടു;

(സി) കൊലക്കേസ്സിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തുക ഉണ്ടായോ;

(ഡി) അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ കേസ് ചാർജ്ജ് ചെയ്യുവാൻ താമസം വരുന്നതിന്റെ കാരണമെന്താണെന്ന് വിശദീകരിക്കാമോ;

(എഫ്) ഉടൻ തന്നെ ഈ കേസ് ചാർജ്ജ് ചെയ്ത് വിചാരണ ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ തയ്യാറാവുമോ?

ഉത്തരം

(എ) 12-11-1985-ൽ ജോസ് സെബാസ്റ്റ്യന്റെ മരണം സംഭവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതികളെ അറസ്റ്റ് ചെയ്യുകയും പിന്നീട് കോടതി അവരെ ജാമ്യത്തിൽ വിടുകയും ചെയ്തു. ഇവരെല്ലാം സസ്പെൻഷ നിലാണ്. ആരെയും തിരിച്ചെടുത്തിട്ടില്ല.

(സി) 20-11-1985 മുതൽ കേസന്വേഷണം ക്രൈംബ്രാഞ്ച് ഏറെറടുക്കുകയുണ്ടായി.

(ഡി) ഉണ്ട്.

(ഇ) പ്രതികൾക്കെതിരായി കുറ്റപത്രം തയ്യാറാകാഞ്ഞതാണ് കാരണം. കുറ്റപത്രം തയ്യാറാക്കി വരുന്നു.

(എഫ്) ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.

ബലാൽസംഗക്കേസുകൾ

43 [50] ശ്രീ. വി.ജെ. തങ്കപ്പൻ:

,, സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-5-1982 മുതൽ 24-5-1986 വരെയുള്ള 4 വർഷക്കാലം നമ്മുടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ബലാൽസംഗ കേസ്സുകൾ എത്ര;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ഡി) ബലാൽസംഗം ചെയ്യപ്പെട്ടതിനുശേഷം കൊലചെയ്യപ്പെട്ട തായി കേസ് ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര:

(എഫ്) ബലാൽസംഗം ചെയ്യപ്പെട്ട കേസുകളിൽ പട്ടിക ജാതി പട്ടികവർഗ്ഗ സ്ത്രീകൾ ഉണ്ടോ;

(ജി) ഉണ്ടെങ്കിൽ എത്ര;

(എച്ച്) ബലാൽസംഗത്തിന് വിധേയരായ പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീകൾ കൊല്ലപ്പെട്ടിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ എത്ര;

(ജെ) കഴിഞ്ഞ നാലുവർഷക്കാലം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ബലാൽസംഗക്കേസ്സുകളിൽ പ്രതിയ്ക്കെതിരെ ചാർജ്ഷീറ്റ് കോടതിയിൽ ഹാജരാക്കാത്തത് എത്ര;

(കെ) പ്രതികളെ തിരിച്ചറിയാത്തത് എത്ര;

(എൽ) വിചാരണ കഴിഞ്ഞ് പ്രതികളെ ശിക്ഷിച്ച കേസുകൾ എത്ര;

(എം) വിചാരണ കഴിഞ്ഞ് പ്രതികളെ വെറുതെവിട്ട കേസുകൾ എത്ര;

(എൻ) ബലാൽസംഗം ചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീകളിൽ ആർക്കെങ്കിലും നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടോ;

(ഒ) ഉണ്ടെങ്കിൽ എത്ര;

(പി) ആരെല്ലാം എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly